"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. CDN5/218/2025-GAD
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-12-2025

<u>സർക്കുലർ</u>

വിഷയം:- പൊതുഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - വിവരാവകാശ നിയമത്തിലെ വകുപ്പ് 4 (1) പ്രകാരമുള്ള വിവരങ്ങൾ കാലാനുസൃതമായി വെബ്സൈറ്റിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 30/10/2006-ലെ 77000/സിഡിഎൻ5/06/പൊ.ഭ.വ. നമ്പർ സർക്കുലർ.
2) 21/02/2018-ലെ സിഡിഎൻ5/14/2018/പൊഭവ നമ്പർ സർക്കുലർ.
3) 27/04/2022-ലെ സിഡിഎൻ5/40/2022/പൊഭവ നമ്പർ സർക്കുലർ.
4) 22/07/2023-ലെ സിഡിഎൻ1/206/2022/പൊഭവ നമ്പർ സർക്കുലർ.
5) 08/09/2023-ലെ സിഡിഎൻ5/142/2023/പൊഭവ നമ്പർ സർക്കുലർ.
6) 22/07/2023, 13/09/2023 തിയതികളിലെ സിഡിഎൻ1/206/2022/പൊഭവ നമ്പർ സർക്കുലർ.
7) 08/09/2023-ലെ സിഡിഎൻ5/142/2023/പൊഭവ നമ്പർ സർക്കുലർ.

***

വിവരാവകാശ നിയമം 2005 വകുപ്പ് 4-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം എല്ലാ വകുപ്പുകളും/സ്ഥാപനങ്ങളും വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് എല്ലാ പൊതുഅധികാരികൾക്കും സൂചന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മിക്ക വകുപ്പുകളിലെയും/സ്ഥാപനങ്ങളിലേയും പൊതുഅധികാരികൾ വിവരാവകാശ നിയമം 2005 വകുപ്പ് 4-ലെ വ്യവസ്ഥകൾ പ്രകാരം കാലാനുസൃതമായി വെബ്സൈറ്റ് പരിഷ്കരിക്കുന്നതിനും സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തുന്നതിനും മതിയായ താത്പര്യം കാണിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എല്ലാ വകുപ്പ് തലവൻമാരും, പൊതുമേഖലാ സ്ഥാപനങ്ങളും, സ്വയംഭരണ സ്ഥാപനങ്ങളും, വിവരാവകാശ നിയമത്തിലെ വകുപ്പ് 2(h)-ലെ ഉപവകുപ്പ് (a) പ്രകാരം "public authority" -യുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന മറ്റ് എല്ലാ സ്ഥാപനങ്ങളും

ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ വിവരാവകാശ നിയമം 2005 വകുപ്പ് 4-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കാലികമായ വിവരങ്ങൾ ഉൾപ്പെടുത്തിയും, സ്ഥാപന സംബന്ധമായ വിവരങ്ങൾ സ്വമേധയാ വെളിപ്പെടുത്തിയും, അതത് വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ/അപ്പീൽ അധികാരി സംബന്ധിച്ച വിവരങ്ങളും കാലാകാലങ്ങളിൽ പുതുക്കി പ്രസിദ്ധീകരിച്ച് വെബ്സൈറ്റ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ഗവർണറുടെ സെക്രട്ടറി, ലോക്ഭവൻ, കേരള (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും
എല്ലാ സർവ്വകലാശാലകൾക്കും
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 27-12-2025 15:41:10
സെക്ഷൻ ഓഫീസർ.